(ബി) നിരവധി യാതനകൾ അനുഭവിക്കുന്ന ഇവർക്ക് ഭൂതാനുകമ്പയുടെ പേരിലെങ്കിലും തൊഴിലുണ്ടാക്കികൊടുക്കുന്നതിലേക്ക് ഇതിനകം എന്തു നടപടിയാണ് അവലംബിച്ചിട്ടുള്ളത്?

എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞിരാമൻ):

(എ) ഉ ദി ച.

(ബി) ഇവർക്ക് മുൻഗണന നൽകി മറ്റു ഡിപ്പാർട്ടുമെന്റുകളിലുണ്ടാകുന്ന ഒഴിവുകളിൽ ഇവരെ നിയമിക്കേണ്ടതിനു വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

*വ്യ ര ാ. (ഉ) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു പുതുതായി വല്ല വ്യവസായങ്ങളും തുടങ്ങുവാൻ യൂണിയൻ ഗവൺമെണ്ടിന്റെ അനുമതിലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസായങ്ങൾ എവിടെയെല്ലാം ആരംഭിക്കുവാനാണ് നിശ്ചയിച്ചിരിക്കുന്നത്;

(സി) ഗവൺമെണ്ടിന്റെ വകയായി വ്യവസായങ്ങൾ തുടങ്ങുമോ?

(എക്സൈസും ഇൻഡസ്ട്രീസും മന്ത്രി) ശ്രീ. എൻ. കുഞ്ഞിരാമൻ:

(എ) യൂണിയൻ ഗവൺമെണ്ടുമായി ആലോചിച്ച് ചിലപുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനു പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മോണോസൈറ്റ്സ് പ്രോസീഡിംഗ് കാസ്റ്റിക് സോഡാപ്ലാന്റ് ഇലക്ട്രിക്കൽ മീറ്റേർസ് നിർമ്മാണശാല മുതലായവയാണ് അത്തരം വ്യവസായങ്ങൾ. എവിടെയെല്ലാമാണ് ഈ വ്യവസായശാലകൾ സ്ഥാപിക്കേണ്ടതു് എന്നീകാര്യങ്ങളെ സംബന്ധിച്ച് അവസാനതീരുമാനത്തിലെത്തിയിട്ടില്ല.

(സി) ഈ ഗവൺമെൻറും മറുഗവൺമെണ്ടുകളും സഹകാര്യവ്യക്തികളും കൂടി ചേർന്നു മേൽപറഞ്ഞ വ്യവസായങ്ങൾ തുടങ്ങണമെന്നുള്ളതിനെ സംബന്ധിച്ചാണ് ഇപ്പോൾ ആലോചനകൾ നടന്നുവരുന്നത്.

പരുത്തിനൂൽ ക്ഷാമം

*വ്യ ര ാ. (ങ) ശ്രീ. എം. ആർ. വേലപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സഭയെ മറുപടി പറയുമോ.—

സംസ്ഥാനത്തെ ഖദർ നിർമ്മാണകേന്ദ്രങ്ങളിൽ ആവശ്യമുള്ളത്ര പരുത്തി കിട്ടാതെ നൂൽപ്പുതൊഴിലാളികൾ വിഷമിക്കുന്നുണ്ടെന്നു് ബഹു. ഗവൺമെണ്ടിനറിയാമോ?

ശ്രീ. എൻ. കുഞ്ഞിരാമൻ:

ഇതിനെപ്പറ്റി ഗവൺമെണ്ടിനറിവില്ല.

Questions posted for answer on 14—3—1950

ഇ. എസ്സ്. എൽ. സി. പരീക്ഷ

*വ്യ ര ാ. (ന) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) ഓർഡിനറി സ്കൂൾ അനുസരിച്ചു കഴിഞ്ഞ ഇ. എസ്. എൽ. സി. പരീക്ഷക്കു ചേർന്നിരുന്ന വിദ്യാർത്ഥികളിൽ എത്രപേർ പരാജിതരായിട്ടുണ്ട്.

(ബി) ഓർഡിനറി സ്കൂൾകാരുടെ വിജയശതമാനം വർദ്ധിപ്പിക്കണമെന്ന വിദ്യാഭ്യാസ ഡയറക്ടരുടെ നിർദ്ദേശം കഴിഞ്ഞ പരീക്ഷാബോർഡ് നിരസിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) ന ാ ൽ.

(ബി) ഇല്ല.

അദ്ധ്യാപകസംഘങ്ങൾ

*വ്യ ര ാ. (ഛ) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) പ്രൈവറ്റ് സെക്കണ്ടറി സ്കൂൾ അദ്ധ്യാപകസംഘങ്ങളിൽനിന്ന് അവരുടെ അവശതകളെ സംബന്ധിച്ചു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly